**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**
**ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി**
**2026 – മാണ്ട് മാർച്ച് മാസം 26 –ാം തീയതി**

# ST. No. 428 / 2022

പരാതിക്കാരൻ : കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്
പോലീസ് സബ്ബ് ഇൻസ്പെക്ടർ,
അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 375/2022
(പ്രതിനിധീകരിക്കുന്നത് ശ്രീമതി ഫരീദ ടി.കെ,
A.P.P. സീനിയർ ഗ്രേഡ്)

കുറ്റാരോപിതർ :
1. ജൂബി, 51 വയസ്സ് , S/o. സുകുമാരൻ,
ചെമ്പഴന്തി വീട് , പുറക്കാട് പഞ്ചായത്ത് ,
വാർഡ് – I , ആലപ്പുഴ
2. ജയരാജ് , 37 വയസ്സ് , S/o. സുരേന്ദ്രൻ,
കുന്നേൽ വീട് , പുറക്കാട് പഞ്ചായത്ത് ,
വാർഡ് – I , ആലപ്പുഴ
3. സജിമോൻ, 45 വയസ്സ് , S/o. സദാനന്ദൻ,
സതീഷ് ഭവനം, പുറക്കാട് പഞ്ചായത്ത് ,
വാർഡ് – II , ആലപ്പുഴ
4. ജൂഡി, 42 വയസ്സ് , S/o. സുകുമാരൻ,
ചെമ്പഴന്തി വീട് , പുറക്കാട് പഞ്ചായത്ത് ,
വാർഡ് – I , ആലപ്പുഴ
5. ജയേഷ് @ ബേബി , 47 വയസ്സ് , S/o. സുരേന്ദ്രൻ,
കുന്നേൽ വീട് , പുറക്കാട് പഞ്ചായത്ത് ,
വാർഡ് – I , ആലപ്പുഴ
6. സുദർശനൻ, 59 വയസ്സ് , S/o. അപ്പുക്കുട്ടൻ,
സുധി ഭവനം, പുറക്കാട് പഞ്ചായത്ത് ,
വാർഡ് – I , ആലപ്പുഴ
7. റജി മഹേഷ് , 49 വയസ്സ് , S/o. ദിവാകരൻ,
ദൈവശ്ശേരിൽ വീട് , തണ്ണീർമുക്കം പഞ്ചായത്ത് ,
വാർഡ് – VII, ആലപ്പുഴ

(1 മുതൽ 7 വരെ പ്രതികളെ പ്രതിനിധീകരിക്കുന്നത്
അഡ്വ. ജെ ഷേർലി)

കുറ്റം : ഇന്ത്യൻ ശിക്ഷാ നിയമം 143,147,149,294(b),323,506(1),341
വകുപ്പുകൾ

പ്രതി വാദം : പ്രതികൾ കുറ്റം ചെയ്തിട്ടില്ല

കണ്ടെത്തൽ : പ്രതികൾ കുറ്റം ചെയ്തിട്ടില്ല

വിധി : ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം
1 മുതൽ 7 വരെ പ്രതികളെ കുറ്റവിമുക്തരാക്കിയിരിക്കുന്നു.

## പ്രതികളുടെ വിവരണം

| നം. | പേര് | അച്ഛന്റെ പേര് | തൊഴിൽ | വിലാസം | വയസ്സ് |
|---|---|---|---|---|---|
| 1. | ജൂബി | സുകുമാരൻ | ..... | ചെമ്പഴന്തി വീട് , പുറക്കാട് പഞ്ചായത്ത് , വാർഡ് – I, ആലപ്പുഴ | 51 |
| 2. | ജയരാജ് | സുരേന്ദ്രൻ | ..... | കുന്നേൽ വീട് , പുറക്കാട് പഞ്ചായത്ത് , വാർഡ് – I , ആലപ്പുഴ | 37 |
| 3. | സജിമോൻ | സദാനന്ദൻ | ..... | സതീഷ് ഭവനം, പുറക്കാട് പഞ്ചായത്ത് , വാർഡ് – II , ആലപ്പുഴ | 45 |
| 4. | ജൂഡി | സുകുമാരൻ | ..... | ചെമ്പഴന്തി വീട് , പുറക്കാട് പഞ്ചായത്ത് , വാർഡ് – I , ആലപ്പുഴ | 42 |
| 5. | ജയേഷ് @ ബേബി | സുരേന്ദ്രൻ | ..... | കുന്നേൽ വീട് , പുറക്കാട് പഞ്ചായത്ത് , വാർഡ് – I , ആലപ്പുഴ | 47 |
| 6. | സുദർശനൻ | അപ്പുക്കുട്ടൻ | ..... | സുധി ഭവനം, പുറക്കാട് പഞ്ചായത്ത് , വാർഡ് – I , ആലപ്പുഴ | 59 |
| 7. | റജി മഹേഷ് | ദിവാകരൻ | ..... | ദൈവശ്ശേരിൽ വീട് , തണ്ണീർ മുക്കം പഞ്ചായത്ത് , വാർഡ് – VII, ആലപ്പുഴ | 49 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | ഫൈനൽ റിപ്പോർട്ട് ഫയൽ ചെയ്തത് | പ്രതികൾ ഹാജരായത്/ അറസ്റ്റ് ചെയ്തത് | പ്രതികൾക്ക് ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് | വിചാരണ അവസാ-നിച്ചത് | വിധി |
|---|---|---|---|---|---|---|---|
| 15.05.2022 | 16.05.2022 | 17.10.2022 | 1 മുതൽ 6 വരെ പ്രതികൾ ഹാജരായത് 30.12.2023. 7–)ം പ്രതി ഹാജരായത് 24.02.2024 | 1 മുതൽ 6 വരെ പ്രതികൾക്ക് ജാമ്യം നൽകിയത് 30.12.2023. 7–)ം പ്രതിക്ക് ജാമ്യം നൽകിയത് 24.02.2024 | 19.05.2025 | 24.03.2026 | 26.03.2026 |

ഈ കേസ് 24.03.2026 തീയതി കോടതി മുമ്പാകെ വാദങ്ങൾക്കായി വന്നതിൽ 26.03.2026 തീയതി ഈ കോടതി പ്രസ്താവിക്കുന്ന

## വിധി ന്യായം

1. ഈ കേസ് അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 294(b), 323, 506(1), 341 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈംനമ്പർ 375/2022 ആയി അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ചതാണ്.

2. പ്രോസിക്യൂഷൻ ആരോപണങ്ങൾ ചുരുക്കത്തിൽ താഴെ പറയും വിധമാണ് :-

   ഒന്നാം സാക്ഷി സെക്രട്ടറിയായി പ്രവർത്തിച്ച് വരുന്ന പായൽകുളങ്ങര ശ്രീദേവി ക്ഷേത്രത്തിലെ മേൽശാന്തിയായ 7–)ം പ്രതിയെ മാറ്റാനായി തീരുമാനമെടുത്തതിലുള്ള വിരോധം നിമിത്തം ഒന്നും രണ്ടും മൂന്നും സാക്ഷികളെ ദേഹോപദ്രവം ഏൽപ്പിക്കണമെന്നും, അസഭ്യവാക്കുകൾ വിളിച്ചുപറഞ്ഞ് മാനഹാനിയും മനോ:വിഷമവും ഉണ്ടാക്കണമെന്നുമുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 1 മുതൽ 7 വരെ പ്രതികൾ ന്യായവിരോധമായി സംഘം ചേർന്ന് തങ്ങൾ ഓരോരുത്തരും ടി സംഘത്തിലെ അംഗങ്ങളാണെന്നുള്ള അറിവോടുകൂടി തങ്ങളുടെ പൊതു ഉദ്ദേശകാര്യത്തിനായി 15.05.2022 തീയതി വൈകിട്ട് 6 മണിക്ക് ടി ക്ഷേത്രത്തിൽ നിൽക്കുകയായിരുന്ന രണ്ടാം സാക്ഷിയോട്

ഒന്നാം പ്രതി "നീ ടി ക്ഷേത്രത്തിലെ മേൽശാന്തിയായ 7-)o പ്രതിയെ മാറ്റുമോടാ തായോളീ പൂറീമോനെ" എന്ന് മറ്റുള്ളവർ കേൾക്കെ അസഭ്യവാക്കുകൾ വിളിച്ചുപറഞ്ഞും ആയതിൽ വെച്ച് രണ്ടാം സാക്ഷിക്ക് മാനഹാനിയും മനോ:വിഷമവും ഉണ്ടാകുന്നതിന് ഇടവരുത്തിയും "നിന്നെ ഭൂമുഖത്ത് വെച്ചേക്കില്ലടാ കൊന്നുകളയും" എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി മരണഭയം ഉളവാക്കിയും, ഒന്നാം പ്രതി രണ്ടാം സാക്ഷിയുടെ ഷർട്ടിന് കുത്തിന് പിടിച്ച് തടഞ്ഞുനിർത്തി അന്യായ തടസ്സം ചെയ്തും കൈകൊണ്ട് രണ്ടാം സാക്ഷിയുടെ നെഞ്ചിനും കവിളത്തും കഴുത്തിനും മൂന്ന് നാല് തവണ അടിച്ച് വേദനിപ്പിച്ചും ഈ സമയം 2 മുതൽ 6 വരെ പ്രതികൾ 1 മുതൽ 5 വരെ സാക്ഷികളെ മറ്റുള്ളവർ കേൾക്കെ അസഭ്യവാക്കുകൾ വിളിച്ചുപറഞ്ഞും ആയതിൽ വെച്ച് ടിയാളുകൾക്ക് മാനഹാനിയും മനോ:വിഷമവും ഉളവാക്കിയും ഈ സമയം 7-)o പ്രതി ക്ഷേത്രത്തിൽ നിൽക്കുകയായിരുന്ന കീഴ്ശാന്തിയായ ഉണ്ണിമോനെ ഭീഷണിപ്പെടുത്തുകയും ചെയ്തു പ്രതികൾ കൃത്യത്തിന് പരസ്പരം ഉത്സാഹികളും സഹായികളുമായി പ്രവർത്തിച്ച് മേൽവകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തു എന്നതാണ് കുറ്റച്ചുരുക്കം.

3. ക്രിമിനൽ നടപടി ചട്ടം 173 വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ചു. പരിഗണനയ്ക്ക് എടുക്കാൻ തക്കമുള്ള കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ടെന്ന് കണ്ടു മേൽ അക്കമിട്ടു 1 മുതൽ 7 വരെ പ്രതികൾക്ക് കോടതിയിൽ ഹാജരാകാനുള്ള കല്പന അയച്ചു.

4. 1 മുതൽ 7 വരെ പ്രതികൾ ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരാകുകയും ജാമ്യത്തിന് അർഹരായതിനാൽ ടി പ്രതികളെ ജാമ്യത്തിൽ വിടുകയും ചെയ്തു.

5. കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ 1 മുതൽ 7 വരെ പ്രതികൾക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണെന്ന് സമ്മതിച്ചു സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി ചട്ടം 207 വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

6. 1 മുതൽ 7 വരെ പ്രതികളെ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 294(b), 323, 506(1), 341 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു കേൾപ്പിച്ചു. പ്രതികൾ കുറ്റം നിഷേധിച്ചു. വിചാരണ വേണം എന്ന് ആവശ്യപ്പെട്ടു.

7. വിചാരണ ഭാഗം തെളിവിലേക്കായി PW1 മുതൽ PW4 വരെ സാക്ഷികളെ വിസ്തരിക്കുകയും ജാപ്ത P1 രേഖ അക്കമിടുകയും ചെയ്തു. ആയത് തെളിവിൽ

സ്വീകരിച്ചു. മറ്റു സാക്ഷികളെ കോടതി മുമ്പാകെ വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സാക്ഷി പട്ടികയിൽ സാക്ഷ്യപ്പെടുത്തി കോടതി മുമ്പാകെ സമർപ്പിച്ചു.

8. PW1 മുതൽ PW4 വരെയുള്ള വിചാരണ ഭാഗം സാക്ഷികൾ നൽകിയ തെളിവുകളിൽ ഒന്നും തന്നെ പ്രതികൾക്ക് എതിരായ കുറ്റാരോപണം സ്ഥാപിക്കുന്ന യാതൊരു സാഹചര്യങ്ങളും വെളിവാകാത്തതിനാൽ ക്രിമിനൽ നടപടി ചട്ടം 313(1)(b) വകുപ്പ് പ്രകാരമുള്ള ചോദ്യം ചെയ്യൽ ഒഴിവാക്കി.

9. പ്രതിഭാഗത്ത് നിന്ന് തെളിവുകൾ ബോധിപ്പിക്കുന്നതിന് അവസരം നൽകിയെങ്കിലും യാതൊരു വിധ തെളിവുകളും ഹാജരാക്കുകയുണ്ടായില്ല.

10. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

11. താഴെ പറയുന്ന ചോദ്യങ്ങൾ കോടതിയുടെ പരിഗണനയ്ക്കായി വന്നു.

I). ഒന്നാം സാക്ഷി സെക്രട്ടറിയായി പ്രവർത്തിച്ച് വരുന്ന പായൽകുളങ്ങര ശ്രീദേവി ക്ഷേത്രത്തിലെ മേൽശാന്തിയായ 7–)o പ്രതിയെ മാറ്റാനായി തീരുമാനമെടുത്തതിലുള്ള വിരോധം നിമിത്തം ഒന്നും രണ്ടും മൂന്നും സാക്ഷികളെ ദേഹോപദ്രവം ഏൽപ്പിക്കണമെന്നും, അസഭ്യവാക്കുകൾ വിളിച്ചുപറഞ്ഞ് മാനഹാനിയും മനോ:വിഷമവും ഉണ്ടാക്കണമെന്നുമുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 1 മുതൽ 7 വരെ പ്രതികൾ ന്യായവിരോധമായി സംഘം ചേർന്ന് തങ്ങൾ ഓരോരുത്തരും ടി സംഘത്തിലെ അംഗങ്ങളാണെന്നുള്ള അറിവോടുകൂടി തങ്ങളുടെ പൊതു ഉദ്ദേശകാര്യത്തിനായി 15.05.2022 തീയതി വൈകിട്ട് 6 മണിക്ക് ടി ക്ഷേത്രത്തിൽ നിൽക്കുകയായിരുന്ന രണ്ടാം സാക്ഷിയോട് ഒന്നാം പ്രതി "നീ ടി ക്ഷേത്രത്തിലെ മേൽശാന്തിയായ 7–)o പ്രതിയെ മാറ്റുമോടാ തായോളി പൂറീമോനെ" എന്ന് മറ്റുള്ളവർ കേൾക്കെ അസഭ്യവാക്കുകൾ വിളിച്ചുപറഞ്ഞും ആയതിൽ വെച്ച് രണ്ടാം സാക്ഷിക്ക് മാനഹാനിയും മനോ:വിഷമവും ഉണ്ടാകുന്നതിന് ഇടവരുത്തിയും "നിന്നെ ഭൂമുഖത്ത് വെച്ചേക്കില്ലടാ കൊന്നുകളയും" എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി മരണഭയം ഉളവാക്കിയും, ഒന്നാം പ്രതി രണ്ടാം സാക്ഷിയുടെ ഷർട്ടിന് കുത്തിന് പിടിച്ച് തടഞ്ഞുനിർത്തി അന്യായ തടസ്സം ചെയ്തും കൈകൊണ്ട് രണ്ടാം സാക്ഷിയുടെ നെഞ്ചിനും കവിളത്തും കഴുത്തിനും മൂന്ന് നാല് തവണ അടിച്ച് വേദനിപ്പിച്ചും ഈ സമയം 2 മുതൽ 6 വരെ പ്രതികൾ 1 മുതൽ 5 വരെ സാക്ഷികളെ

മറ്റുള്ളവർ കേൾക്കെ അസഭ്യവാക്കുകൾ വിളിച്ചുപറഞ്ഞും ആയതിൽ വെച്ച് ടിയാളുകൾക്ക് മാനഹാനിയും മനോ:വിഷമവും ഉളവാക്കിയും ഈ സമയം 7-)ം പ്രതി ക്ഷേത്രത്തിൽ നിൽക്കുകയായിരുന്ന കീഴ്ശാന്തിയായ ഉണ്ണിമോനെ ഭീഷണിപ്പെടുത്തുകയും ചെയ്തു പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 294(b), 323, 506(1), 341 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ ?

II). കേസിലെ തീരുമാനം എന്താണ് ?

**<u>പരിഗണന വിഷയം I :-</u>**

12. കേസിലെ ആവലാതിക്കാരനായ രണ്ടാം സാക്ഷിയെ PW3 ആയും, ദൃക്സാക്ഷികളായ 1, 3, 5 സാക്ഷികളെ PW2, PW1, PW4 എന്നിങ്ങനെ കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതാണ്. കേസിലെ ആവലാതിക്കാരനായ രണ്ടാം സാക്ഷിയെ (PW3) വിസ്തരിച്ചതിൽ നിന്നും കേസിന് ആസ്പദമായ സംഭവത്തിൽ ഉന്തും തള്ളും ഉണ്ടായപ്പോൾ തനിക്ക് ചെറിയ രീതിയിൽ പരിക്ക് പറ്റിയെന്നും സംഭവം നടന്നത് 2021ൽ പായൽകുളങ്ങര ദേവിക്ഷേത്രത്തിന്റെ മുൻവശത്ത് വെച്ചാണ് എന്നും കുറെയാളുകൾ സംഭവത്തിൽ ഉണ്ടായിരുന്നു എന്നും എന്നാൽ ആരൊക്കെയാണ് അവിടെ ഉണ്ടായിരുന്നതെന്ന് തനിക്ക് അറിയില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ സംഭവ സമയത്ത് ആൾക്കൂട്ടത്തിൽ ഇല്ലായിരുന്നു എന്നും PW3 മുഖ്യവിസ്താര വേളയിൽ മൊഴി നൽകി.

13. സംഭവ സാക്ഷിയായ ഒന്നാം സാക്ഷിയെ PW2 ആയി വിസ്തരിച്ചപ്പോൾ കേസിന് ആസ്പദമായ സംഭവം നടന്നത് 2021ൽ ആണെന്നും മാസവും തീയതിയും ഓർക്കുന്നില്ല എന്നും സംഭവ സമയം താൻ സ്ഥലത്ത് ഇല്ലായിരുന്നു എന്നും താൻ പുറക്കാടുള്ള SNDP ക്ഷേത്രത്തിൽ സെക്രട്ടറി ആയിരുന്നു എന്നും സംഭവത്തെ പറ്റി പോലീസിന് Ext.P1 പ്രഥമ വിവര മൊഴി കൊടുത്തത് താൻ ആണെന്നും തനിക്ക് ഈ കേസിലെ ആവലാതിക്കാരനായ മധുവിനെ അറിയാമെന്നും എന്നാൽ ടിയാന് സംഭവത്തിൽ പരിക്ക് പറ്റുന്നത് കണ്ടിട്ടില്ല എന്നും മധുവിനെ അസഭ്യം പറഞ്ഞു എന്ന് തനിക്ക് കേട്ടറിവ് മാത്രമുള്ളു എന്നും സംഭവം നേരിട്ട് കണ്ടിട്ടില്ല എന്നും കോടതിയിൽ പ്രതിക്കൂട്ടിൽ നിൽക്കുന്ന ആളുകൾ കേസിന് ആസ്പദമായ സംഭവത്തിൽ ഉൾപ്പെട്ടതായി അറിയില്ല എന്നും PW2 മുഖ്യവിസ്താര വേളയിൽ മൊഴി നൽകിയിരിക്കുന്നു.

14. സംഭവ സാക്ഷിയായ 3-)o സാക്ഷിയെ PW1 ആയി വിസ്തരിക്കുകയും, കേസിന് ആസ്പദമായ സംഭവം കണ്ടു എന്നും 4 വർഷം മുമ്പാണ് സംഭവം നടന്നതെന്നും വൈകിട്ട് 7-8 മണിയോട് കൂടി പായൽകുളങ്ങര ദേവിക്ഷേത്രത്തിന് സമീപമാണ് സംഭവം നടന്നതെന്നും അമ്പലത്തിലെ മേൽശാന്തിയെ മാറ്റുന്നത് സംബന്ധിച്ച് തർക്കം ഉണ്ടാകുകയും മധു എന്നയാൾ ക്ഷേത്ര പ്രസിഡന്റ് ആയിരുന്നു എന്നും തർക്കത്തിൽ ടിയാന് ഉപദ്രവം ഏൽക്കുന്ന സംഭവം കണ്ടിട്ടില്ല എന്നും ടിയാനെ ആരെങ്കിലും ഉപദ്രവിക്കുന്നത് കണ്ടു എന്ന് മൊഴി കൊടുത്തിട്ടില്ല എന്നും 15.05.2022 തീയതി വൈകിട്ട് 6 മണിക്ക് പായൽകുളങ്ങര ക്ഷേത്രത്തിൽ ദീപാരാധന കഴിഞ്ഞ് നിൽക്കുമ്പോൾ അവിടെ ചുറ്റമ്പലത്തിന് പുറത്ത് എന്തോ ബഹളം കേട്ട് അവിടേക്ക് ചെല്ലുമ്പോൾ അവിടെ അടുത്തുള്ള ജൂബി ചെമ്പഴന്തി ക്ഷേത്രം പ്രസിഡന്റിനെ കഴുത്തിന് കുത്തിപ്പിടിച്ച് തടഞ്ഞു നിർത്തി കരണത്തും കഴുത്തിനും നെഞ്ചിനും കൈ കൊണ്ട് അടിക്കുകയും പിടിച്ച് തള്ളുകയും ചെയ്ത സംഭവം ഉണ്ടായി എന്ന് പറഞ്ഞു കേട്ടെങ്കിലും സംഭവം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും മധുവിനെ അടിച്ചത് താൻ കണ്ടിട്ടില്ല എന്നും സംഭവം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും കൂടാതെ പ്രതികൾ എന്ത് തെറിയാണ് വിളിച്ചത് എന്ന് തനിക്ക് അറിയില്ല എന്നും PW1 കോടതി മുമ്പാകെ മൊഴി നൽകി.

15. ഈ കേസിലെ ഒന്നാം സാക്ഷിയെ അറിയാമെങ്കിലും ഈ കേസിന് ആസ്പദമായ സംഭവം താൻ കണ്ടില്ല എന്നും സംഭവം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല 15.05.2022 തീയതി പായൽകുളങ്ങര ക്ഷേത്രത്തിൽ ദീപാരാധനക്ക് പോയി എന്നും ആ സമയം ജൂബി ചെമ്പഴന്തിയുടെ നേതൃത്വത്തിൽ അവിടെ വന്ന ഒന്നാം സാക്ഷിയെ അസഭ്യം പറയുകയും ഉപദ്രവിക്കുകയും ചെയ്തു എന്ന് പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും PW4 മുഖ്യവിസ്താര വേളയിൽ കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

16. ഇന്ത്യൻ ശിക്ഷാ നിയമം 294(b) വകുപ്പ് ഇപ്രകാരം പറയുന്നു. *"Whoever, to the annoyance of others- (b) sings, recites or utters any obscene song, ballad, or words, in or near any public place shall be punished with imprisonment of either description for a term which may extend to three months , or with fine, or with both".* ഒരു പദമോ വാക്കോ അധിക്ഷേപകരവും അപമാനകരവും, അല്ലെങ്കിൽ അപകീർത്തിപരവും ആയാലും ഇന്ത്യൻ ശിക്ഷാ നിയമം 294(b) വിവക്ഷിക്കുന്ന 'അശ്ലീലമോ അസഭ്യമോ' ആയ പദം ആകണമെന്നില്ല. ആവലാതിക്കാരനെ (PW3)

പ്രതികൾ എന്ത് അസഭ്യമായ വാക്കാണ് വിളിച്ചതെന്ന് കോടതിയിൽ പറഞ്ഞിട്ടില്ല. കൂടാതെ സംഭവ സാക്ഷികളായ PW1, PW2, PW4 എന്നിവർ പ്രതികൾ ആവലാതിക്കാരനെ അശ്ലീലമോ അസഭ്യമോ ആയ പദങ്ങൾ വിളിച്ചതായി അറിയില്ല എന്നും കോടതി മുമ്പാകെ വ്യക്തമായി മൊഴി നൽകിയിരിക്കുന്നു.

17. കേസിലെ ആവലാതിക്കാരനായ രണ്ടാം സാക്ഷിയെ PW3 ആയും, ദൃക്സാക്ഷികളായ 1, 3, 5 സാക്ഷികളെ PW2, PW1, PW4 എന്നിങ്ങനെ കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതാണ്. കേസിലെ Ext.P1 ആയ പ്രഥമ വിവര പ്രസ്താവന നൽകിയിരിക്കുന്ന PW2 ന്റെ മൊഴി പ്രകാരം ഈ കേസിലെ ആവലാതിക്കാരനായ മധുവിനെ അറിയാമെന്നും എന്നാൽ ടിയാന് സംഭവത്തിൽ പരിക്ക് പറ്റുന്നത് കണ്ടിട്ടില്ല എന്നും മധുവിനെ അസഭ്യം പറഞ്ഞു എന്ന് തനിക്ക് കേട്ടറിവ് മാത്രം ഉള്ളു എന്നും സംഭവം നേരിട്ട് കണ്ടിട്ടില്ല എന്നും കോടതിയിൽ പ്രതിക്കൂട്ടിൽ നിൽക്കുന്ന ആളുകൾ കേസിന് ആസ്പദമായ സംഭവത്തിൽ ഉൾപ്പെട്ടതായി അറിയില്ല എന്നും PW2 കോടതിയിൽ പറഞ്ഞു. ആവലാതിക്കാരനായ PW3 യുടെ മൊഴി പ്രകാരം കേസിന് ആസ്പദമായ സംഭവത്തിൽ ഉന്തും തള്ളും ഉണ്ടായപ്പോൾ തനിക്ക് ചെറിയ രീതിയിൽ പരിക്ക് പറ്റിയെന്നും സംഭവം നടന്നത് 2021–ൽ പായൽകുളങ്ങര ദേവിക്ഷേത്രത്തിന്റെ മുൻവശത്ത് വെച്ചാണ് എന്നും കുറെയാളുകൾ സംഭവത്തിൽ ഉണ്ടായിരുന്നു എന്നും എന്നാൽ ആരൊക്കെയാണ് അവിടെ ഉണ്ടായിരുന്നതെന്ന് തനിക്ക് അറിയില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ സംഭവ സമയം ആൾക്കൂട്ടത്തിൽ ഇല്ലായിരുന്നു എന്നും PW3 കോടതിയിൽ വ്യക്തമായി പറഞ്ഞു. കേസിന് ആസ്പദമായ സംഭവം 4 വർഷം മുമ്പ് പായൽകുളങ്ങര ദേവിക്ഷേത്രത്തിന് സമീപമാണ് നടന്നതെന്നും മേൽശാന്തിയെ മാറ്റുന്നത് സംബന്ധിച്ച് തർക്കം ഉണ്ടാകുകയും മധു എന്നയാൾ ക്ഷേത്ര പ്രസിഡന്റ് ആയിരുന്നു എന്നും തർക്കത്തിൽ ടിയാന് ഉപദ്രവം ഏൽക്കുന്ന സംഭവം കണ്ടിട്ടില്ല എന്നും ടിയാനെ ആരെങ്കിലും ഉപദ്രവിക്കുന്നത് കണ്ടു എന്ന് മൊഴി കൊടുത്തിട്ടില്ല എന്നും 15.05.2022 തീയതി വൈകിട്ട് 6 മണിക്ക് പായൽകുളങ്ങര ക്ഷേത്രത്തിൽ ദീപാരാധന കഴിഞ്ഞ് നിൽക്കുമ്പോൾ അവിടെ ചുറ്റമ്പലത്തിന് പുറത്ത് എന്തോ ബഹളം കേട്ട് അവിടേക്ക് ചെല്ലുമ്പോൾ അവിടെ അടുത്തുള്ള ജൂബി ചെമ്പഴന്തി ക്ഷേത്രം പ്രസിഡന്റിനെ കഴുത്തിന് കുത്തിപ്പിടിച്ച് തടഞ്ഞു നിർത്തി കരണത്തും കഴുത്തിനും നെഞ്ചിനും കൈ കൊണ്ട് അടിക്കുകയും പിടിച്ച് തള്ളുകയും ചെയ്ത സംഭവം ഉണ്ടായി എന്ന് പറഞ്ഞു കേട്ടെങ്കിലും സംഭവം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും മധുവിനെ അടിച്ചത് താൻ കണ്ടിട്ടില്ല എന്നും സംഭവം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും

കൂടാതെ പ്രതികൾ എന്ത് തെറിയാണ് ആവലാതിക്കാരനെ (PW3) വിളിച്ചത് എന്ന് തനിക്ക് അറിയില്ല എന്നും PW1 മൊഴി നൽകി. ഈ കേസിന് ആസ്പദമായ സംഭവം താൻ കണ്ടില്ല എന്നും സംഭവം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും വ്യക്തമായി PW4 മൊഴി നൽകി.

18. ഈ കേസിലെ സംഭവ സാക്ഷികളായി സാക്ഷി പട്ടികയിൽ കാണിച്ചവരാണ് PW1, PW2, PW4 സാക്ഷികൾ. ടി സാക്ഷികളുടെ മൊഴിയിൽ നിന്നോ ആവലാതിക്കാരനായ PW3 യുടെ മൊഴിയിൽ നിന്നോ Ext.P1 പ്രകാരം ആരോപിക്കുന്ന കുറ്റം 1 മുതൽ 7 വരെ പ്രതികൾ ചെയ്തു എന്ന് ഈ കോടതിക്ക് ബോധ്യപ്പെട്ടിട്ടില്ലാത്തതാണ്. ആയതിനാൽ പ്രതികൾക്കെതിരെ മേൽ പറഞ്ഞ ആരോപണങ്ങൾ സാധൂകരിക്കുന്ന യാതൊന്നും തന്നെ വിചാരണ ഭാഗം കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല. വിചാരണ ഭാഗം മുന്നോട്ട് വെക്കുന്ന കേസിൽ ഉടലെടുക്കുന്ന സംശയാസ്പദമായ സാഹചര്യങ്ങളിൽ വേണ്ടത്ര വിശദീകരണം നൽകി കോടതിയെ ബോധ്യപ്പെടുത്തേണ്ട ചുമതല വിചാരണ ഭാഗത്തിനാണ്. ഈ കേസിൽ അത്തരത്തിൽ കേസ് സംശയാധീതമായി തെളിയിക്കാൻ വിചാരണ ഭാഗത്തിന് കഴിഞ്ഞിട്ടില്ല. പ്രതികൾ ആവലാതിക്കാരനെ ഉപദ്രവിക്കുന്നതും അസഭ്യം പറയുന്നതുമായ സംഭവം കാണുകയോ കേൾക്കുകയോ ചെയ്ത ഒരു സാക്ഷിയെപ്പോലും കോടതി മുമ്പാകെ ഹാജരാക്കാൻ വിചാരണ ഭാഗത്തിന് കഴിഞ്ഞിട്ടില്ല. വിചാരണ ഭാഗം പ്രതികൾക്കെതിരെ ആരോപിച്ചിട്ടുള്ള കുറ്റങ്ങൾ 1 മുതൽ 7 വരെ പ്രതികൾ ചെയ്തു എന്ന് കണ്ടെത്താൻ ഈ കോടതിക്ക് സാധിച്ചിട്ടില്ലാത്തതാണ്. ആരോപിക്കപ്പെട്ട കുറ്റങ്ങൾ പ്രതികൾക്കെതിരെ സംശയലേശമെന്യേ തെളിയിക്കുന്നതിൽ വിചാരണ ഭാഗം പരാജയപ്പെട്ടിരിക്കുന്നു. ആയതിനാൽ വിചാരണ ഭാഗം സാക്ഷികളുടെ മൊഴികളും രേഖകളും പ്രതികൾക്ക് എതിരെയുള്ള അപരാധം തെളിയിക്കുന്നതിന് അപര്യാപ്തമാണ്. പ്രതികളുടെ അപരാധം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു എന്നും പ്രതികൾ നിരപരാധികൾ ആണെന്നും ഫലത്തിൽ കാണാവുന്നതാണ്. ആയതിനാൽ ഈ പരിഗണന വിഷയം വിചാരണ ഭാഗത്തിന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം II :-</u>**

19. ഒന്നാം പരിഗണന വിഷയത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 1 മുതൽ 7 വരെ പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 294(b), 323, 506(1), 341

എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി ടി പ്രതികളെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തരാക്കിയിരിക്കുന്നു. പ്രതികളുടെ ജാമ്യക്കച്ചീട്ടുകൾ ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. 1 മുതൽ 7 വരെ പ്രതികളെ നിരുപാധികം സ്വതന്ത്രർ ആയി വിട്ടയക്കുന്നു.

ഈ വിധിക്ക് എതിരായി ആക്ഷേപം ഉണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 26 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

<u>**അനുബന്ധം**</u>

A. പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | ഉണ്ണിമോൻ |
| PW2 | ഉത്തമൻ |
| PW3 | മധു |
| PW4 | ഉദയഭാനു |

B.കുറ്റാരോപിതർ ഭാഗം സാക്ഷികൾ - ഇല്ല

C.കോടതി ഭാഗം സാക്ഷികൾ - ഇല്ല

D.പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW1) | പ്രഥമ വിവര പ്രസ്താവന |

E. കുറ്റാരോപിതർ ഭാഗം തെളിവുകൾ - ഇല്ല

F. കോടതി ഭാഗം തെളിവുകൾ - ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ - ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**